കേരള സർക്കാർ

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി7)1658/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 10.10.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.ഇകെഎം(പി7)1658/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 10.10.2017

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.11.2016 മുതൽ 31.7.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ (ജോയിന്റ് ഡയറക്ടർ) |

.

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 04.08.2017 മുതൽ 14.08.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.അനിൽ മാത്യൂ ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ.പ്രവീൺ വി.എൻ. | ഓഡിറ്റർ |
| ശ്രീ. ജോഷി തോമസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എ.വി. സുരേഷ് | 1.4.2016-31.3.2017 |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| സെക്രട്ടറി | വി.എസ് കലാമണി | 1.4.2016 | 29.4.2016 |
| | കെ.എ. സുരേഷ് കുമാർ | 30.4.2016 | 17.6.2016 |
| | വി.എസ് കലാമണി | 18.6.2016 | 24.10.2016 FN |
| | കെ.എ. സുരേഷ് കുമാർ | 24.10.2016 AN | 13.11.2016 |
| | വി.എസ് കലാമണി | 14.11.2016 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.എ. സുരേഷ് കുമാർ | 1.4.2016 | 31.3.2017 |
| കൃഷി ഓഫീസർ | ബീതി ബാലചന്ദ്രൻ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | ഡോ. സ്വാതി വിജയൻ | 1.4.2016 | 1.2.2017 FN |
| | ഡോ. അഭിലാഷ് കൃഷ്ണൻ | 1.2.2017 AN | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജോൺ ജേക്കബ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റോയി സ്കറിയ | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലൈല കെ.എച്ച്. | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , പൈങ്ങോട്ടൂർ | മൃദുൽ മോഹൻ | 1.4.2016 | 31.3.2017 |
| ഹെഡ് മിസ്ട്രസ്, ഗവ.എൽപി.എസ്. കടവൂർ | സതി കെ.കെ. | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ. റാണി തോമസ് | 1.4.2016 | 30.9.2016 |
| | ഡോ. ജെസി കെ. ജോർജ് | 1.10.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജിത ജെ.ആർ. | 1.4.2016 | 31.7.2016 |
| | നസിയ പി.എം. | 1.8.2016 | 31.3.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മറീന പോൾ | 1.4.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-1 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-2 |
| 13 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല | 2-3 |
| 14 | തൊഴിൽ നികുതി പിരിവിൽ ന്യൂനതകൾ | 2-4 |
| 15 | ഡി & ഒ ലൈസൻസ് എടുക്കാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-5 |
| 16 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല | 2-6 |
| | ഭാഗം- 3 | |
| 17 | വെള്ളക്കരം കുടിശ്ശിക | 3-1 |
| 18 | ബയോഗ്യാസ് പ്ലാന്റ് മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കിയില്ല - 247250/- രൂപ തടസപ്പെടുത്തുന്നു | 3-2 |
| 19 | പുതിയ കാലിത്തൊഴുത്ത് നിർമാണം അപാകതകൾ - 10000/- രൂപ നഷ്ടം, 10000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമായില്ല | 3-4 |
| 21 | ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല | 3-5 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.3.2016 ലെ പഞ്ചായത്ത് 1ാം നമ്പർ തിരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവു ചെലവു കളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 9,20,38,850 | 5,20,69,000 |
| വാർഷിക കണക്കുകൾ പ്രകാരം | 3,29,39,575 | 3,18,69,081 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, B ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 1.97 കോടി രൂപയുടെയും 1.99 കോടി രൂപയുടെയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്ക നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2016-17 വർഷത്തെ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 21.07.2017 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ഖ 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36,29,771.28 |
| വരവ് | 3,29,39,575.00 |
| ആകെ | 3,65,69,346.28 |
| ചെലവ് | 3,18,69,081.00 |
| നീക്കിയിരിപ്പ് | 47,00,265.28 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് തുക | ചെലവ് ശതമാനം | ചെലവഴിക്കാതെ ബാക്കിയായ തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7916296 | 7800487 | 98.54 | 115809 |
| വികസന ഫണ്ട് (എസ്.സി.പി) | 2108973 | 1521544 | 72.15 | 587429 |
| വികസന ഫണ്ട് (ടി.എസ്.പി) | 26892 | 20967 | 77.96 | 5925 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2364249 | 2364247 | 99.99 | 2 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2554755 | 1871520 | 73.26 | 683235 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4439022 | 3299213 | 74.32 | 1139809 |
| ലോക ബാങ്ക് സഹായം | 912135 | 888971 | 97.46 | 23164 |

<u>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

| തൊഴിൽ ആവശ്യ പ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗം | മറ്റുള്ളവർ | ആകെ | |
| 1119 | 1119 | 7949 | 133 | 44185 | 52267 | 63 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | | | | | 245 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | | | | | | 225 |

## 1-5 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീ കാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|
| 127 | 2,03,22,322 | 89 | 1,77,66,949 | 26 | 12 | 70.08 |

ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.89% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശത മാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2469644 | 2802083 | 332439 | 13.46 |
| നികുതിയേതര വരവുകൾ | 2064082 | 2182875 | 118793 | 5.75 |
| മറ്റുവരവുകൾ | 11432 | 9857 | (-)11575 | (-)13.77 |
| ആകെ | 4545158 | 4994815 | 449657 | 9.89 |

## 1-7 <u>ക്ഷേമപദ്ധതികൾ</u>

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90,600 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 17,49,430 | 214 |
| വിധവാപെൻഷൻ | 59,64,920 | 569 |
| വാർദ്ധക്യകാല പെൻഷൻ | 1,02,24,250 | 1160 |
| ശാരീരികവും മാന സികവുമായി വെല്ലുവിളി നേരിട്ട ന്നവർക്കുള്ള പെൻഷൻ | 14,65,385 | 262 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 3,10,920 | 37 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.8.2017 തീയതിയിൽ 4 പി. എം. ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് തുകയായ 42,366/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ഡ്യൂട്ടി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. രസീതുകൾ കാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ പൂർണ്ണമായി നടത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ വെള്ളക്കരം ബാധ്യത കുറയ്ക്കുവാൻ കാര്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 14-15 വർഷം ഇളവ് ചെയ്ത് ലഭിച്ച തുക അടവാക്കുന്നതിന് നടപ്പാക്കാത്ത പ്രോജക്ടുകളുടെ വിഹിതം (വികസനഫണ്ട്, മെ.ഗ്രാ., ധന.കമ്മീ. വിഹിതം) ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുവാദം വാങ്ങിയില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.8.2017 | 7/17 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.2008 | 97-98 മുതൽ 2007-08 വരെ | 12.06.2008 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്കുകൾ ഓഡിറ്റ് സമയത്ത് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26/7/2011 ലെ ജി.ഓ (എം.എസ്) 152/2011പ്രകാരമുള്ള ആസ്തി/ബാധ്യത കളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല.

4. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കുന്ന പ്രക്രിയ കൃത്യമല്ല. വർഷങ്ങളായി ഡിപ്രീസിയേഷൻ നൽകി ഒരു രൂപയായി മൂല്യം കുറഞ്ഞ ആസ്തികൾക്ക് വീണ്ടും ഡിപ്രീസിയേഷൻ കുറവ് ചെയ്യുന്നില്ല എന്ന് ഉറപ്പാക്കുന്നില്ല.

ടി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (03-12-2011 ലെ 6(1) നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 45/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം |  | വാർഡ് നമ്പരും കെട്ടിട | കെട്ടിട ത്തിന്റെ വിസ്തൃതി | നിർണ്ണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന- | കുറവ് |
|---|---|---|---|---|---|---|

| | | നമ്പരും | (ച.മീ.) | ഉൾപ്പടെ (ച.മീ.ന് 45രൂ. നിരക്കിൽ) | ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂ. നിരക്കിൽ) | |
|---|---|---|---|---|---|---|
| 1 | | 2/126G | 22.84 GF | 1173 +59 LC | 1562 +78 LC (+20%റോഡ് - 5% FF) | 389 + 19 |
| | | 2/126H | 29.62 GF | 1600 +80 LC | 2134 +106 LC (+20%റോഡ്) | 534 + 26 |
| | | 2/126D | 20.43 GF | 1104 +56 LC | 1472 +74 LC (+20%റോഡ്) | 368 + 18 |
| | | 2/126I | 29.62 GF | 1600 +80 LC | 2134 +1106 LC (+20%റോഡ്) | 534 + 26 |
| | | 2/126J | 27.39 GF | 1480 +74 LC | 1972 +98 LC (+20%റോഡ്) | 492 + 24 |
| | | 2/126K | 19.59GF | 1058 +53LC | 1410 +70LC (+20%റോഡ്) | 352 + 17 |
| | | 2/128D | 117.8GF | 8482 +425LC (@60-) | 8482 +425 (+20%റോഡ് ) | 0 |
| | | 2/128A | 35.8GF | 1934 +97LC | 2578 +130LC (+20%റോഡ്) | 644 +33 |
| | | 2/128B | 35.8GF | 1934 +97LC | 2578 +130LC (+20%റോഡ്) | 644 +33 |
| | | 2/126G | 35.8GF | 1934 +97LC | 2578 +130LC (+20%റോഡ്) | 644 +33 |
| 2 | | 2/641A | 18.72 GF | 1011 +51 LC | 1348 +68 LC (+20%റോഡ്) | 337 +17 |
| | | 2/641B | 18.72 GF | 1011 +51 LC | 1348 +68 LC (+20%റോഡ്) | 337 +17 |
| | | 2/641C | 18.72 GF | 1011 +51 LC | 1348 +68 LC (+20%റോഡ്) | 337 +17 |
| | | 2/641D | 18.72 GF | 1011 +51 LC | 1348 +68 LC (+20%റോഡ്) | 337 +17 |
| | | 2/641E | 18.72 GF | 1011 +51 LC | 1348 +68 LC (+20%റോഡ്) | 337 +17 |
| | | 2/641F | 18.72 GF | 1011 +51 LC | 1348 +68 LC (+20%റോഡ്) | 337 +17 |
| 3 | | 2/704B | 16.63GF | 899 +45 LC | 1198 +60LC (+20%റോഡ്) | 299 + 15 |
| | | 2/704C | 16.63GF | 899 +45 LC | 1198 +60LC (+20%റോഡ്) | 299 + 15 |
| | | 2/704A | 16.63GF | 899 +45 LC | 1198 +60LC (+20%റോഡ്) | 299 + 15 |
| 4 | | 2/681A | 16.12GF | 871 +44LC | 1160 +58 LC (+20%റോഡ്) | 289 + 14 |
| | | 2/681B | 16.12GF | 871 + 44LC | 1160 +58 LC (+20%റോഡ്) | 289 + 14 |
| | | 2/681C | 20.8 GF | 1124 +57LC | 1498 +76 LC (+20%റോഡ്) | 374 + 19 |
| | | 2/681D | 19.23GF | 1039 +52LC | 1386 +70 LC (+20%റോഡ്) | 347 + 18 |
| | | 2/681E | 19.23GF | 1039 +52LC | 1386 +70 LC (+20%റോഡ്) | 347 + 18 |
| | | 2/681F | 19.23GF | 1039 +52LC | 1386 +70 LC (+20%റോഡ്) | 347 + 18 |

| | | | | |
|---|---|---|---|---|
| 2/681G | 19.23FF | 987 +50LC | 1316 +66 LC (+20%റോഡ് - 5% FF) | 329 + 16 |
| 2/681H | 19.23GF | 1039 +52LC | 1386 +70 LC (+20%റോഡ്) | 347 + 18 |
| 2/681I | 19.23FF | 987 +50LC | 1316 +66 LC (+20%റോഡ് - 5% FF) | 329 + 16 |
| 2/681J | 15.38GF | 831 +42LC | 1108 +56 LC (+20%റോഡ്) | 277 + 14 |
| 2/681K | 15.38GF | 831 +42LC | 1108 +56 LC (+20%റോഡ്) | 277 + 14 |
| 2/681L | 15.38GF | 831 +42LC | 1108 +56 LC (+20%റോഡ്) | 277 + 14 |

ഇപ്രകാരം കുറവായി വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.8) ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായി മറുപടി നൽകി. അധികമായി ഈടാക്കേണ്ട തുക ഈടാക്കുന്നതിനായി നോട്ടീസ് നൽകി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ. (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവയ്ക്ക് മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം. 707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തേണ്ടതാണ്.

വസ്തുനികുതിയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 11 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | അസസ്മെന്റ് നം | വിസ്തീർണ്ണം | നിശ്ചയിച്ച നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | റിലയൻസ് ടവർ | 2/703 | 25 ച.മീ. | 11250 + 563 | ഫയൽ ലഭ്യമായില്ല |
| 2 | വോഡാഫോൺ | 2/714 | 35 | 21000 + 1050 | " |
| 3 | ഐഡിയ | 2/715 | 35 | 21000 + 1050 | " |
| 4 | വോഡാഫോൺ | 4/208A | 25 | 13750 + 688 | " |
| 5 | ബി.എസ്.എൻ.എൽ. | 4/367A | 25 | 13750 + 688 | " |
| 6 | വോഡാഫോൺ | 5/109 | 33.35 | 15008 + 751 | " |
| 7 | ബി.എസ്.എൻ.എൽ. | 6/333B | 25 | 13750 + 688 | " |
| 8 | വോഡാഫോൺ | 6/333D | 25 | 13750 + 688 | " |

| | | | | | |
|---|---|---|---|---|---|
| 9 | ടി. വി. എസ്. | 7/141 | 15 | 7500 + 375 | " |
| 10 | വോഡാഫോൺ | 11/157A | 25 | 10000 + 500 | " |
| 11 | ഐഡിയ | 11/212A | 25 | 13750 + 688 | " |

മേൽ മൊബൈൽ ടവറുകളുടെ വിശദമായ പ്ലാനും സ്കെച്ചും ഉൾപ്പെടുന്ന ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിനാൽ ഇവയുടെ യഥാർത്ഥവിസ്തീർണ്ണം പരിശോധിച്ച് മേൽ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല. എന്നാൽ എല്ലാ മൊബൈൽ ടവറുകളുടെയും ശരിയായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് മേൽ വിവരണങ്ങളിൽ നിന്ന് വ്യക്തമാണ്.

ആയതിനാൽ മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണം (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) കണക്കാക്കി നികുതി ചുമത്തേണ്ടതാണ്. കുറഞ്ഞ സ്ഥലം നികുതി ചുമത്തിയതായി രേഖപ്പെടുത്തിയവ കെട്ടിടങ്ങൾക്ക് മുകളിലുള്ളവയാണെങ്കിൽ ടവർ ഓപ്പറേറ്റർമാർ ലീസിനെടുത്തിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണത്തിനും നികുതി ചുമത്തേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പിരിവിലെ ന്യൂനതകൾ

(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | പൈങ്ങോട്ടൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി, പൈങ്ങോട്ടൂർ | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 2 | പൈങ്ങോട്ടൂർ വനിത സഹകരണ സംഘം, പൈങ്ങോട്ടൂർ | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 3 | ഞാറക്കാട് ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 4 | പനങ്കര ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 5 | ചാത്തമറ്റം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 6 | ത്രിവേണി സ്റ്റോർ, പൈങ്ങോട്ടൂർ | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സഞ്ചയ വസ്തുനികുതി സോഫ്റ്റ് വെയറിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പരും കെട്ടിട നമ്പരും | പേര്, മേൽവിലാസം | സ്ഥാപനത്തിന്റെ വിവരം |
|---|---|---|---|
| 1 | 2/546 | ബിൻസി ജോളി, കണ്ണൂത്തുകുഴിയിൽ | ലോഡ്ജ് |
| 2 | 2/675 | ജോർജ്ജ് സ്കറിയ, പടിഞ്ഞാറേക്കുടിയിൽ | ഓഡിറ്റോറിയം |

| | | | |
|---|---|---|---|
| 3 | 2/728 മുതൽ 740 വരെ | ഹനീഫ, സുധീർ, തെനാലിൽ | ലോഡ്ജ് |
| 4 | 6/308/A മുതൽ G വരെ | മുഹമ്മദ് വി.ബി, വെളിയത്തുകുടിയിൽ | ലോഡ്ജ് |
| 5 | 9/197 | ജോയി ജോസഫ്, തുമുള്ളിൽ | ലോഡ്ജ് |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 205 ബി - (നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടൽ) പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം, ഏതെങ്കിലും കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും ആ കെട്ടിടം ഹോട്ടൽ, ബോർഡിംഗ്, ലോഡ്ജിംഗ്, താമസത്തിനുള്ള മുറികൾ എന്നിവ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും അങ്ങയനെയുള്ള ഏതൊരാളുടെയും തൊഴിലിനെയും അയാൾ വാടക എന്തെങ്കിലും കൊടുക്കുന്നുണ്ടെങ്കിലും കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(3) ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന എൻക്വയറിക്ക് പ്രസ്തുത വ്യക്തികൾക്കും സ്ഥാപനത്തിനും നോട്ടീസ് നൽകി തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-5 ഡി & ഒ ലൈസൻസ് എടുക്കാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപ്പറയുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പഞ്ചയത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം അനുസരിച്ചുള്ള സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണം വരെ | 615 |
| 2 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണത്തിന് മുകളിൽ | 108 |
| 3 | ബങ്കുകൾ, പെട്ടികടകൾ......... | 6 |
| 4 | ഇതര വ്യവസായം | 46 |
| 5 | വ്യവസായിക ആവശ്യത്തിനുള്ള കൈത്തറി ഷെഡ്...... | 87 |
| | ആകെ | 862 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ആകെ എണ്ണം 862 ആണ്. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 159 എണ്ണവും, 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 94 എണ്ണവുമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം പഞ്ചയത്തിൽ ആകെ 862 വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഇവയിൽ പ്രവർത്തിക്കുന്ന വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്ത് തയ്യാറാക്കാത്തത് മൂലം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സാധിക്കാതെ വരുന്നു. ട്രേഡേഴ്സ് ലിസ്റ്റ് ഉണ്ടാക്കുന്നതോടൊപ്പം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനാവാശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-6 വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പേ വിഷബാധ നിയന്ത്രണം എന്ന പ്രോജക്ടിനായി(പ്രൊജക്ട് നം.-S0055/17) 14000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വളർത്തുനായ്ക്കളിൽ പേവിഷബാധ നിയന്ത്രിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ക്യാംപ് നടത്തി കുത്തിവെയ്പ്പ് നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. 218 നായ്ക്കൾക്ക് ക്യാംപിൽ വാക്സിനേഷൻ നടത്തിയിട്ടുണ്ട്. ക്യാംപ് കൂടാതെ തന്നെ ഓരോ വർഷവും ധാരാളം പേർ വാക്സിനേഷന് നേരിട്ട് ഡിസ്പെൻസറിയിലെത്തുന്നുമുണ്ട്. പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം 2016-17 കാലയളവിൽ പഞ്ചായത്തിൽ വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഫീസിനത്തിൽ ലഭിച്ചിരിക്കുന്നത് 110/- രൂപ മാത്രമാണ്. വളർത്തുനായ്ക്കളുടെ രജിസ്ട്രേഷൻ കാര്യക്ഷമമായി നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള 332 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 31.03.2017 വരെ 1,51,05,467/- രൂപയുടെ ബാധ്യതയുണ്ട്. ജല അതോറിറ്റിയിൽ നിന്നും ലഭിച്ച 2016 ഏപ്രിൽ മാസത്തെ ബില്ല് പ്രകാരം അടവാക്കുവാനുണ്ടായിരുന്ന ആകെ തുക 1,17,31,57/- രൂപയായിരുന്നു. (31.3.16വരെയുള്ള കുടിശ്ശിക 1,13,63,429).

പഞ്ചായത്ത് സെക്രട്ടറി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 19.08.2014 ലെ KWA/HO/RMC/R2/1772/2012 കത്ത് പ്രകാരം 07/2014 വരെ കുടിശ്ശിക ഉണ്ടായിരുന്ന 56,94,806/- രൂപ ഇളവ് നൽകികൊണ്ട് ഒത്തുതീർപ്പാക്കിയ കുടിശ്ശിക തുക 39,55,954/- രൂപയായി നിശ്ചയിക്കുകയും പ്രസ്തുത തുക ഒക്ടോബർ 31 നകം അടവാക്കുവാനും വീഴ്ചവന്നാൽ മേൽ തീരുമാനം റദ്ദാകുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 16.09.2014 തീയതിലെ 7-ാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത കുടിശ്ശിക തുകയായ 39,55,954/- രൂപ ഒറ്റതവണയായി അടയ്ക്കുന്നതിന് പഞ്ചായത്തിന് നിലവിൽ സാമ്പത്തികശേഷി ഇല്ലാത്തതിനാൽ 15 വർഷത്തെ കാലാവധിയിൽ തവണകളായി അടയ്ക്കുന്നതിനുള്ള അനുവാദം തരണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് അഭ്യർത്ഥിക്കുവാനാണ് തീരുമാനിച്ചത്. അതിനാൽ 14-15ൽ ടി ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. ടി തുക ഒടുക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്ന് തുക വകയിരുത്തുന്നതിന് സർക്കാരിൽ നിന്ന് അനുവാദമോ, അപ്രകാരം ഒടുക്കുന്നതിന് ഒരു വർഷത്തെ എങ്കിലും സാവകാശം വാട്ടർ അതോറിറ്റിയിൽ നിന്നോ തേടുന്നതിന് ശ്രമിച്ചില്ല.

പ്രസ്തുത തുക അടവാക്കാൻ സാധിക്കാത്തതിനാലും ഓരോ മാസത്തെയും ബിൽ തുകയും കൂടി ഓരോ വർഷവും കുടിശ്ശിക തുക കൂടികൊണ്ടിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 332 ടാപ്പുകളുടെ പ്രതിമാസ തുകയായ 1,45,250/- രൂപ വീതം അതാത് മാസങ്ങളിൽ ഒക്ടോബർ മാസം വരെ അടവാക്കി പോന്നിരുന്നു. എന്നാൽ പിന്നീട് നാളിതുവരെ ബിൽ തുക അടവാക്കിയിട്ടില്ല. വളരെ വലിയ കുടിശ്ശിക തുകയിൽ ഇളവ് ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കും, ഇളവ് കഴിച്ചുള്ള തുക നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള അനുവാദം ലഭിക്കുന്നതിന് ബഹു. സർക്കാരിനും അപേക്ഷ നൽകി അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ബയോഗ്യാസ് പ്ലാന്റ് മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കിയില്ല - 247250/- രൂപ തടസപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും പ്ലാന്റിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള അനുബന്ധ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും സർവീസ് നടത്തുന്നതിനുമായിട്ടാണ് ചുവടെ ചേർക്കും പ്രകാരം പദ്ധതി രൂപീകരിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | S0062/17 ബയോഗ്യാസ് പ്ലാന്റ് പരിപാലനം/ മെയിന്റനൻസ് |
| പദ്ധതി അടങ്കൽ | 580000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 247250/- (ബിൽ നം. 5/16-17) തീ. 21.2.17 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

പദ്ധതിയുടെ നടത്തിപ്പിൽ താഴെ കാണുന്ന അപാകതകൾ കണ്ടു.

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം (നം. 191/സി2/2008/എസ്.എം തീ. 28.5.2016) പ്രകാരം ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേക്ക് 60 ഏജൻസികളുടെ ലിസ്റ്റ് അംഗീകരിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ഓഫർ അതാത് മേഖലയിലുള്ള എല്ലാ സേവനദാതാതക്കളെയും രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന നിബന്ധന ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കായി മുമ്പ് പ്ലാന്റ് സ്ഥാപിച്ച എന്ന കാരണത്താൽ ബയോടെക്ക്, വഴുതക്കാട് എന്ന സ്ഥാപനത്തെ മാത്രമാണ് അറിയിച്ചിട്ടുള്ളത്.

2. ബയോടെക്കിന്റെ അപേക്ഷപ്രകാരം മെയിന്റനൻസിനാവശ്യമായ സാധന സാമഗ്രഹികൾ ശേഖരിച്ച ബിൽ ഹാജരാക്കുന്ന മുറയ്ക്ക് 50% ശതമാനം തുക നൽകുന്നതിന് കരാർ വെക്കുന്നതിന് 29.9.2016 ലെ 7-ാം നമ്പർ കമ്മിറ്റി തീരുമാനമായി. ഇപ്രകാരം 28.12.16 ൽ കരാർ വെക്കുകയും 22.2.17 ന് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഗ്രൗണ്ട് ക്ലീനിംഗ്, ജനറേറ്റർ റൂഫ് ഷീറ്റ് ചേഞ്ചിംഗ്, മെയിൻറനൻസ് ഓഫ് പാനൽ ബോർഡ്, ഡീസൽ ജനറേറ്റർ സർവീസിംഗ്, 100% ബയോഗ്യാസ് ജനറേറ്റർ സർവീസിംഗ്, ബാറ്ററി റീപ്ലേസ് മെന്റ്, ചാർജർ റീപ്ലേസ് മെന്റ്, ഗ്യാസ് കിറ്റ് മെയിന്റനൻസ്, മെയിന്റനൻസ് ഓഫ് ഔട്ട് ലെറ്റ് പൈപ്പ്, സർവീസിംഗ് ഓഫ് ലൈറ്റ്സെറ്റ്സ് (27എണ്ണം), പെയിന്റിംഗ് എന്നീ വർക്കുകളാണ് എഗ്രിമെന്റ് പ്രകാരം സ്ഥാപനം നടത്തേണ്ടിയിരുന്നത്. പ്രവർത്തികൾക്കാവശ്യമായ സാമഗ്രികൾ ശേഖരിച്ചതിന്റെ യാതൊരു ബില്ലുകളും ഹാജരാക്കാതെയാണ് 50% തുക കൈമാറിയത്. കോസ്റ്റ് ഓഫ് മെറ്റീരിയൽസ് പ്രൊക്യൂവേർഡ് എന്ന് സ്വന്തം ലെറ്റർപാഡിൽ സ്ഥാപനം സമർപ്പിച്ച പേപ്പറിന്മേലാണ് തുക കൈമാറിയത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സാമഗ്രികൾ ഇറക്കിയത് നേരിട്ട് കണ്ടതിനു ശേഷമാണ് തുക കൈമാറിയത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

3. തുക കൈമാറിയെങ്കിലും നാളിതു വരെയായി പ്ലാന്റ് പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. സ്ഥാപനവുമായി സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരികരിക്കാൻ കരാർ വെച്ചിട്ടില്ല. എത്രയും വേഗത്തിൽ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈയിനത്തിൽ ചെലവായ 2,47,250/- രൂപ തടസപ്പെടുത്തുന്നു.

## 3-3 പുതിയ കാലിത്തൊഴുത്ത് നിർമാണം അപാകതകൾ - 10000/- രൂപ നഷ്ടം, 10000/- രൂപ തടസപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി 2016-17 ൽ നടപ്പിലാക്കിയ പദ്ധതിയാണ് പുതിയ കാലിത്തൊഴുത്ത് നിർമാണം. പദ്ധതിക്കായി 16 ഗുണഭോക്താക്കൾക്കായി 1,60,000/- (10000x16) രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | S0056/17 പുതിയ കാലിത്തൊഴുത്ത് നിർമാണം |
| അടങ്കൽ | 300000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവഴിച്ച തുക | 160000/- (ബിൽ നം-6/16-17 തീ. 29.3.2017) |
| നിർവഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

എല്ലാ ഗുണഭോക്താക്കൾക്കും തുക ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം ക്രമ നം. 10 ഉം 14 ഉം യഥാക്രമം മത്തായി തറമുട്ടത്ത്, തൊമ്മൻ മത്തായി തറമുട്ടത്ത് എന്നീ പേരികളിലാണ്. ഇരു അപേക്ഷകർക്കും ഒരേ ബാങ്ക് അക്കൌണ്ട് നമ്പരാണ് നൽകിയിട്ടുള്ളത്. (അക്കൌണ്ട് നം-358002010009785 യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ). മത്തായി തറമുട്ടത്ത് എന്ന പേരിൽ അപേക്ഷ സമർപ്പിച്ചിട്ടുമില്ലെന്ന് പരിശോധനയിൽ വ്യക്തമായി. ഇതിൽ നിന്നും ഒരേ അപേക്ഷകനാണ് രണ്ടു തുകയും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. അനർഹമായാണ് സബ്സിഡി ഒരേ വ്യക്തിക്ക് രണ്ടു തവണ ലഭിച്ചിട്ടുള്ളത്. ക്ലറിക്കൽഎറർ സംഭവിച്ചതിനാലാണ് 10000/-രൂപ ഇത്തരത്തിൽ ഒരേ അക്കൌണ്ടിലേക്ക് നൽകാനിടയായിട്ടുള്ളതെന്നും തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ച എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടുണ്ട്. അനർഹമായി നൽകിയ 10000/- രൂപ പ്രസ്തുത വ്യക്തിയിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

നിർമ്മാണം നടത്തിയ കാലിത്തൊഴുത്തുകൾ എൽ.എസ്.ജി.ഡി. ഓവർസിയർ വാല്യുവേഷൻ നടത്തിയ ശേഷമാണ് തുക കൈമാറേണ്ടത്. എന്നാൽ ജോർജ് തോമസ്, ചെമ്പാലയിൽ, കുളപ്പുറം, പൈങ്ങോട്ടൂർ എന്ന വ്യക്തിയുടെ തൊഴുത്തിന്റെ വാല്യുവേഷൻ നടത്തിയ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വാല്യുവേഷൻ എടുക്കാതെ നൽകിയ 10000/- രൂപ തടസപ്പെടുത്തുന്നു.

## 3-4 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതിക്കായി ഹോംകോയ്ക്ക് 21.2.2017 ൽ 150000/- രൂപ നൽകിയിട്ടുണ്ട് (ബിൽ നം. 1/16-17). എന്നാൽ മരുന്ന് ഇതു വരെ ലഭ്യമായിട്ടില്ല. മരുന്ന് അടിയന്തിരമായി ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല

ഇ - ടെണ്ടർ സ്വീകരിച്ചപ്പോൾ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ട വരുമാനം പഞ്ചായത്തിന് ലഭിക്കുന്നില്ല. 16-17 വർഷം പഞ്ചായത്ത് ഇ-ടെണ്ടർ നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫീ | പങ്കെടുത്ത കരാറു കാരുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| | 2016-17 | | | | |
| 1. | അങ്കണവാടി മെയിന്റനൻസ് വാർഡ് 1-6 | 7,00,000 | 1400 | 2 | 2800 |
| 2. | അങ്കണവാടി മെയിന്റനൻസ് വാർഡ് 7-12 | 7,40,000 | 1500 | 2 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| 3. | SCP നഴ്സറി സ്കൂൾ അറ്റകുറ്റപ്പണി | 11,00,000 | 2500 | 4 | | 10000 |
| | | | | ആകെ | | 15800 |
| | 2015-16 | | | | | |
| 1. | തെക്കെപൂന്നമറ്റം MVIP കനാൽ റോഡ് | 5,60,000 | | 1200 | 3 | 3600 |
| 2. | ക്രിമറ്റോറിയത്തിൽ mud formation | 7,37,559 | | 1575 | 4 | 6300 |
| 3. | പഞ്ചായത്ത് ഓഫീസ് മുറി പാർട്ടീഷൻ | 8,05,800 | | 1750 | 2 | 3500 |
| 4. | ആയന്കര ജനതാ റോഡ് | 7,17,000 | | 1300 | 3 | 3900 |
| 5. | മടോത്തുപാറാ കനാൽ ബണ്ട് റോഡ് | 5,46,181 | | 1155 | 3 | 3465 |
| 6. | തിയേറ്റർ പടി റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ് | 6,00,000 | | 1300 | 3 | 3900 |
| 7. | 90-ാംകോളനി സമഗ്ര വികസനം | 11,75,890 | | 5250 | 4 | 21,000 |
| 8. | വനിതാവിപണന കേന്ദ്രം നിർമ്മാണം. | 14,00,000 | | 5250 | 2 | 10500 |
| | | | | ആകെ | | 56,165 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുക പഞ്ചായത്തിന് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 1,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് പഠനസഹായം | 1,25,000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 1,90,000 | ക്ഷീര കർഷകർക്ക് ഇൻസന്റീവ് | 1,90,000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,80,000 | നെൽകൃഷി വികസനം | 1,80,000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 1,25,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 10,00,000 | വനിത വിപണന കേന്ദ്രം | 3,12,331, | 6,87,669 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ലോൺ തിരിച്ചടവ് | സ.ഉ.(സാ.ധാ) 530/2010/ ത.സ്വ.ഭ.വ /18.02.2010 | 86,25,000 | 31,29,833 | 4,50,000 | | 26,79,833 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,29,39,575 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,18,69,081 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,57,250 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവും ചെലവും | ചെലവ് നഷ്ടം | |
| 3-3 | -- | 10,000 | ഡോ. ജെസ്സി കെ.ജോർജ്ജ്, വെറ്ററിനറി സർജൻ |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,47,250 | മൃദുൽ മോഹൻ, വി.ഇ.ഒ പൈങ്ങോട്ടൂർ |
| 3-3 | 10,000 | ഡോ. ജെസ്സി കെ.ജോർജ്ജ്, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജെസ്സി കെ.ജോർജ്ജ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പൈങ്ങോട്ടൂർ | ഡോ. ജെസ്സി കെ.ജോർജ്ജ്, ചിറയത്ത് വീട്, കോഴിപ്പിള്ളി പി.ഒ, കോതമംഗലം. |
| മൃദുൽ മോഹൻ വി.ഇ.ഒ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പൈങ്ങോട്ടൂർ | താഴത്തൊടിയിൽ, തൊടുപുഴ ഈസ്റ്റ് പി.ഒ, തൊടുപുഴ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1)300/00/26.4.2001 |
| 1997-98 | എൽ.എഫ്.ഇ.(പി1)239/01/30.6.01 |
| 1998-99 | എൽ.എഫ്.ഇ.(പി1)1440/01/12.12.2001 |
| 2000-01 | എൽ.എഫ്.ഇ.(പി1)1334/03/14.1.2001 |
| 2001-02 | എൽ.എഫ്.ഇ.(പി1)715/04/09.08.2004 |
| 2002-03 | എൽ.എഫ്.ഇ.(പി7)337/09/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി7)338/09/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7)339/09/30.11.2009 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഇ.(പി7)340/09/30.12.2009 |
| 2006-07 | എൽ.എഫ്.ഇ.(പി7)864/12/14.06.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7)865/12/14/06.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7)866/12/14.06.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7)867/12/14.06.2012 |
| 2010-11&11-12 | എൽ.എഫ്.ഇ.(പി7)1613/13/11.09.2013 |
| 2012-13&13-14 | എൽ.എഫ്.ഇ.(പി7)616/15/12.06.2015 |
| 2014-15 | എൽ.എഫ്.ഇ.(പി7)1305/2016/29.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) 2236/2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ഇ.കെ.എം(പി7)1658/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:10.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

# ANNEXURE I

AUDIT CERTIFICATE

.

KSA-EKM (P7)1658/2017

Kerala State Audit Department,
District Audit Office,
Ernakulam, 0484 2422271,
lfadekm@gmail.com
Date:10.10.2017

Certified that I have audited the Annual Financial Statement of Paingottoor Grama Panchayat in

Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Paingottoor Grama Panchayat for the year 2016-17 except the observations in para 2-1 of my audit report properly presents the picture of income and expenditure.

.

Deputy Director